

# ഹരിത തീർത്ഥാടനത്തിനായി– 1




എസ്. ഹരികിഷോർ ഐ എ എസ്

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**


ശബരിമല തീർത്ഥാടനകാലത്തോടനുബന്ധിച്ച് 'ഹരിത' സന്ദേശം പകരാനും 'പ്ലാസ്റ്റിക് രഹിത ശബരിമല' എന്ന ആശയം യാഥാർത്ഥ്യമാക്കാനും കുടുംബശ്രീയും പങ്കാളിയായിരിക്കുന്നു. പത്തനംതിട്ട ജില്ലാഭരണകൂടത്തിന്റെയും ശുചിത്വ മിഷന്റെയും കുടുംബശ്രീ മിഷന്റെയും സംയോജനത്തോടെ നടപ്പാക്കുന്ന ഈ പ്രവർത്തനത്തിലൂടെ മാലിന്യമുക്തമായ പൂങ്കാവനം എന്ന ആശയം തീർത്ഥാടകരിലേക്ക് എത്തിക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

പത്തനംതിട്ടയിൽ നിന്ന് പമ്പയിലേക്കുള്ള വഴിയിൽ ളാഹ, കണമല എന്നീ രണ്ടു സ്ഥലങ്ങളിൽ തുണിസഞ്ചികളും പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കണമെന്ന ലഘുലേഖയുമായി കുടുംബശ്രീ പ്രവർത്തകർ നിൽക്കുകയും രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ അതുവഴി വരുന്ന വാഹനങ്ങൾ യാത്രാതടസ്സമുണ്ടാക്കത്തവിധം തടഞ്ഞുനിർത്തി, പ്ലാസ്റ്റിക് മാലിന്യങ്ങൾ തീർത്ഥാടകരിൽ നിന്നും

വാങ്ങി അവർക്ക് തുണിസഞ്ചി സൗജന്യമായി നൽകുകയും ചെയ്യുന്നു. അൻപതിനായിരം തുണിസഞ്ചികളാണ് ഇപ്പോൾ ഇതിനായി തയാറാക്കിയിരിക്കുന്നത്. സ്പോൺസർമാരെ കണ്ടെത്തി കൂടുതൽ തുണിസഞ്ചികൾ തയാറാക്കി, പ്ലാസ്റ്റിക് ഒഴിവാക്കണമെന്ന സന്ദേശം കൂടുതൽ തീർത്ഥാടകരിലേക്ക് എത്തിക്കാനാണ് ഞങ്ങളുടെ ശ്രമം.

ഈ തുണിസഞ്ചികൾ തയാറാക്കുന്നത് കുടുംബശ്രീയുടെ തുന്നൽ യൂണിറ്റുകളാണെന്നതിനാൽ സംരംഭകർക്ക് ചെറുതാണെങ്കിലും ഒരു വരുമാനമാർഗ്ഗം തുറന്ന് നൽകാനും പദ്ധതി വഴി സാധിക്കുന്നു. ഇപ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം പുന:ചംക്രമണത്തിനായി അയയ്ക്കുന്നു. പത്തനംതിട്ടയിലെ ഓരോ സി.ഡി.എസിൽ നിന്നും 60 വയസ്സുകഴിഞ്ഞ 20 വോളന്റിയർമാർ വീതമാണ് ഈ സേവനത്തിനായി ഓരോ ദിവസവും



വന്നെത്തുന്നത്. മികച്ച സാമൂഹ്യസന്ദേശം പകരാനും പ്ലാസ്റ്റിക് രഹിത തീർത്ഥാടനമെന്ന സ്വപ്നം അധികം വൈകാതെ യാഥാർത്ഥ്യമാക്കാനും ഈ സേവനത്തിലൂടെ സാധിക്കട്ടെ എന്നാഗ്രഹിക്കുന്നു.